# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4932 | 01/07/13-ൽ മറുപടിക്ക്

## മലയോര മത്സ്യ കൃഷി വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) മലയോര മത്സ്യകൃഷി വികസനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) മലയോര മത്സ്യകൃഷി വികസനത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതിയിൽ പത്തനംതിട്ട, ഇടുക്കി,വയനാട്,പാലക്കാട് തുടങ്ങിയ മലയോര ജില്ലകൾക്ക് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്. അതിലൂടെ 15618 മത്സ്യകർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് മത്സ്യവിത്ത്,തീറ്റ എന്നിവ ഇൻപുട്ട് സബ്സിഡിയായി നൽകി വരുന്നു. |
| (ബി) മലയോര മണ്ഡലമായ കോങ്ങാട് മണ്ഡലത്തിലെ മലയോര മത്സ്യകൃഷി വികസനത്തിനായി പദ്ധതി സമർപ്പിച്ചാൽ തുക അനുവദിക്കുന്നതിന് തയ്യാറാകുമോ; | (ബി) പദ്ധതിയുടെ അനുയോജ്യതയും സാധ്യതയും പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

(ഡി) ഇത്തരം പദ്ധതിക്കായി പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(ഡി) ഇപ്പോൾ നടപ്പാക്കി വരുന്ന മത്സ്യസമൃദ്ധി പദ്ധതിയിൽ കോങ്ങാട് മണ്ഡലത്തിൽ ശുദ്ധജല മത്സ്യകൃഷിക്കായി ആകെ 1.08 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കുന്ന ഏരിയ | കർഷകരുടെ എണ്ണം |
|---|---|---|
| മണ്ണൂർ | 1.88 ഹെക്ടർ | 29 |
| മങ്കര | 4.7 ഹെക്ടർ | 20 |
| പറളി | 3.1 ഹെക്ടർ | 28 |
| **ആകെ** | **9.68 ഹെക്ടർ** | **77** |

കൂടാതെ മണ്ണൂർ, മങ്കര പഞ്ചായത്തുകളിൽ കരിമീൻ കൃഷിയിൽ 2 വീതം അടുക്കളകുളം പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ